# കേരള സർവകലാശാല

നം.പി.ആർ.177/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം : തീയതി നീട്ടി.

കേരള സർവലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ (2016-17) പ്രവേശനത്തിനുള്ള അവസാന തീയതി സെപ്റ്റംബർ 30 വരെ നീട്ടി. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുമായിരിക്കും പ്രവേശനം നടത്തുക.

### പി.ജി ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസസ് ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബയോ മെഡിക്കൽ സയൻസസ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എസ്സി മാത്തമാറ്റിക്സ് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് (2014-2016 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശ്രുതി ജി.എസ് (രജി.നം. MAT 140506) ഒന്നാം റാങ്ക് നേടി.

### യൂണിറ്ററി എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 25-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷയ്ക്ക് സെപ്റ്റംബർ 29 മുതൽ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഒക്ടോബർ ആറ് (50 രൂപ പിഴയോടെ ഒക്ടോബർ 13, 250 രൂപ പിഴയോടെ ഒക്ടോബർ 14) വരെ ഫീസ് അടയ്ക്കാം.

### യൂണിറ്ററി എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്ടംബർ 27 മുതൽ ഒക്ടോബർ മൂന്ന് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവ സഹിതം പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

### എം.എ അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എ അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (2014-2015 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഷംനാദ് ജെ.എസ് (രജി.നം ARB 140503) ഒന്നാം റാങ്ക് നേടി.

### ബി.എഫ്.എ ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാല്, എട്ട് സെമസ്റ്റർ ബി.എഫ്.എ (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 17 വരെ അപേക്ഷിക്കാം.

## എം.എ ഹിന്ദി പ്രോജക്ട്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം എം.എ ഹിന്ദി (2016) അവസാന വർഷ വിദ്യാർത്ഥികൾക്ക് ഒക്ടോബർ അഞ്ച് വരെ പ്രോജക്ട് സമർപ്പിക്കാം.

## എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ/വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ നാല് മുതൽ ഏഴ് വരെ രാവിലെ 9.30 മുതൽ 4.30 വരെ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് ഫലം

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പ് (സി.എസ്.എസ്) ജൂലൈയിൽ നടത്തിയ എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് (2014–2016) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. അപർണ്ണ സി (രജി.നം STA 140503) ഒന്നാം റാങ്ക് നേടി.

## യോഗ സർട്ടിഫിക്കറ്റ് കോഴ്സ് : സീറ്റൊഴിവ്

കേരള സർവകലാശാല വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സിന് നാല് ഒഴിവുണ്ട്. അടിസ്ഥാന യോഗ്യത പ്ലസ് ടു. ഫോൺ. 8281721358.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
26.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**